LIBRARY ARCHIVES Kerala Legislative Assembly

നിത്യോപയോഗ സാധനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും വിലക്കയറ്റം തടയാൻ നിയമം

238(3163) ശ്രീ. പി. എ. മാധവൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും വില നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) വിലക്കയറ്റം തടയാൻ എന്തെല്ലാം വ്യവസ്ഥകളും നിയന്ത്രണങ്ങളുമാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) നിയമം പ്രാവർത്തികമാക്കുന്നതിന് മുൻപ് വ്യാപാരി വ്യവസായികളുമായും ഹോട്ടലുടമകളുമായും ചർച്ച നടത്തുമോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത നിയമനിർമ്മാണപ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ-ഡി) നിത്യോപയോഗ സാധനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും വില നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലില്ല. ഹോട്ടലുകളിലെ നിലവാരം, സൗകര്യം, ഭക്ഷണപദാർത്ഥങ്ങളുടെ ഗുണമേന്മ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വില നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട കരടുബിൽ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ട് ഹോട്ടലുടമകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ഒന്നാം വിളയ്ക്ക് സംഭരിച്ച നെല്ലിന്റെ കണക്ക്

239(3164) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം സംസ്ഥാനത്ത് ഒന്നാംവിളയ്ക്ക് എത്ര ടൺ നെല്ലാണ് സംഭരിച്ചത് ; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;